# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1861 — 17.12.2012-ൽ മറുപടിക്ക്

## എക്സൈസ് ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം

**ചോദ്യം**

ശ്രീ.വി.പി.സജീന്ദ്രൻ
ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
ശ്രീ.ഹൈബി ഈഡൻ
ശ്രീ.കെ.മുരളീധരൻ

**ഉത്തരം**

ശ്രീ.കെ.ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി)

---

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | എക്സൈസ് വകുപ്പിലെ ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | (എ) | എക്സൈസ് വകുപ്പിലെ ഓഫീസുകൾ കമ്പ്യൂട്ടർ വൽക്കരിക്കുന്നതിന്റെ ഭാഗമായി, എല്ലാ ഓഫീസുകൾക്കും കമ്പ്യൂട്ടർ അനുവദിച്ചു നൽകിയിട്ടുണ്ട്. വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കുന്നതിന്റെ മുന്നോടിയായി വർക്ക് സ്റ്റഡി നടത്തുന്നതിനായി ഫീസിബിലിറ്റി സ്റ്റഡി നടത്തുന്നതിനായി, ഗവൺമെന്റ് അംഗീകൃത സ്ഥാപനങ്ങളായ കെൽട്രോൺ, സി-ഡാക്ക്, എൻ.ഐ.സി. മുതലായവയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | എക്സൈസ് ഹെഡ് ക്വാർട്ടേഴ്സ്, റേഞ്ച്/ഡിവിഷൻ ഓഫീസുകളുമായി നേരിട്ട് ബന്ധപ്പെടുന്നതിന് കമ്പ്യൂട്ടർ നെറ്റ് വർക്ക് സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ; | (ബി) | എക്സൈസ് ഹെഡ്ക്വാർട്ടേഴ്സ്, റേഞ്ച്/ഡിവിഷൻ ഓഫീസുകളുമായി നേരിട്ട് ബന്ധപ്പെടുന്നതിന് കമ്പ്യൂട്ടർ നെറ്റ് വർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| (സി) | നടപടിക്രമങ്ങൾ സുതാര്യമാക്കുന്നതിനായി ഓഫീസുകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ച് ഇടപാടുകൾ ഓൺലൈൻ വഴിയാക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | എക്സൈസ് വകുപ്പിൽ ഇ-പേയ്മെന്റ് സംവിധാനം നടപ്പിൽ വരുത്തുകയും, വകുപ്പിന് ലഭിക്കേണ്ടതായിട്ടുള്ള എല്ലാത്തരത്തിലുമുള്ള വരുമാനങ്ങളും, ലൈസൻസ് ഫീസുകളും, റെന്റൽ തുകയും, വിവിധയിനം പെർമിറ്റ് ഫീസുകൾ ഉൾപ്പെടെയുള്ളവ ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ നേരിട്ടടയ്ക്കുന്നതിനുള്ള സംവിധാനം ഇപ്പോൾ ലഭ്യമാക്കിയിട്ടുണ്ട്. വകുപ്പ് കമ്പ്യൂട്ടർ വൽക്കരണത്തിന്റെ ഭാഗമായി, എല്ലാ ഇടപാടുകളും ഓൺലൈൻ വഴി ആക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.